പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 267

30.11.2015-ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. പാലോട് രവി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ജനമൈത്രി പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ബീറ്റ് ഓഫീസർമാർക്ക് പദ്ധതിയുടെ അടിസ്ഥാന പാഠങ്ങൾ നല്കുന്നതിനായി ബേസിക് ട്രെയിനിംഗ് പ്രോഗ്രാമുകളും, തുടർ പരിശീലന പരിപാടികളും നൽകിവരുന്നു. ഇതിനു പുറമേ വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി കൃത്യമായ ഇടവേളകളിൽ സി.ആർ ഒ മാർക്കും മറ്റ് ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർക്കും വേണ്ടി സംസ്ഥാന, ജില്ലാ തലങ്ങളിൽ സെമിനാറുകളും, ശില്പശാലകളും നടത്തിവരുന്നു. ഇതിലൂടെ പൊതു ജനങ്ങളോട് സൗഹാർദ്ദപരമായി ഇടപെടാൻ പോലീസിന് അവസരം ലഭിക്കുന്നു.<br>ജനമൈത്രി സംവിധാനം കേരളത്തിലുടനീളം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തിൽ 19 പോലീസ് സ്റ്റേഷനുകളിൽക്കൂടി ജനമൈത്രി സുരക്ഷാ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം നിലവിൽ 267 പോലീസ് സ്റ്റേഷനുകൾ ജനമൈത്രി സ്റ്റേഷനുകളായി പ്രവർത്തിച്ചുവരുന്നു.<br>ജനമൈത്രി സുരക്ഷാ പദ്ധതിയിൽ ഏറ്റവും പ്രാധാന്യം കൊടുക്കുന്നത് സ്ത്രീസുരക്ഷ, ആദിവാസി സുരക്ഷ, വൃദ്ധജന സുരക്ഷ തുടങ്ങിയവയ്ക്കാണ്. സ്ത്രീകളുടെ സുരക്ഷ മുൻനിർത്തി ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേകം പരിശീലനം നൽകുന്നുണ്ട്. കേരളത്തിലെ സ്ത്രീകൾക്ക് സ്വയം സുരക്ഷാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ഇതിനകം ആരംഭിച്ചു കഴിഞ്ഞു. കൗമാര പ്രായത്തിലുള്ള വിദ്യാർത്ഥികൾക്കായി 'ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേക്ക്' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.<br>കൂടാതെ വിവിധ സർക്കാർ ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനത്തോടെ ആദിവാസികളെ പങ്കെടുപ്പിച്ചുകൊണ്ട് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. |

ആദിവാസികളുമായി നിരന്തരം സംവദിക്കുന്നതിന്റെ ഭാഗമായി ഊരു സന്ദർശനം ക്രിയാത്മകമായി നടപ്പിലാക്കാൻ ജില്ലാ പോലീസ് മേധാവിമാർ, ജനമൈത്രി ജില്ലാ നോഡൽ ഓഫീസർമാർ, ട്രൈബൽ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ എസ്എച്ച്ഒ മാർ എന്നിവർ ശ്രദ്ധിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

: (ബി) 2014-15 സാമ്പത്തിക വർഷത്തിൽ ജനമൈത്രി സുരക്ഷാ പദ്ധതിയെക്കുറിച്ച് പോലീസ് ആസ്ഥാനത്തു നിന്നുള്ള നിർദ്ദേശപ്രകാരം M/s KPMG Advisory Services Private Ltd, Building No.10, 8th Floor, Tower B, DLF Cyber City, Phase II, Gurgaon, Haryana 122002, India എന്ന സ്ഥാപനം പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് പൂർണ്ണമായും കേരളാ പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapolice.org ലും കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.democraticpolicing.org ലും ലഭ്യമാണ്.

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ?

(സി) റിപ്പോർട്ടിലെ ശുപാർശകളായ "ഘട്ടം ഘട്ടമായി, പദ്ധതി മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുക", "പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിക്കുക" തുടങ്ങിയവ മുൻഗണനാക്രമത്തിൽ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ